"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- കേരള മുനിസിപ്പൽ കോമൺ സർവ്വീസ് - വിജിലൻസ് മിന്നൽ പരിശോധന റിപ്പോർട്ട്- താനൂർ നഗരസഭയിലെ ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ.പ്രമോദ്, സീനിയർ ക്ലാർക്ക് ശ്രീ.രാജൻ എം. എന്നിവർക്കെതിരായ അച്ചടക്ക നടപടി - തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.120/2022/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 17/01/2022

---

പരാമർശം:-

1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 21.05.2019 തീയതിയിലെ ഇ15(എസ്.സി.24/18/എംപിഎം)9169/18/എൻആർകെ നമ്പർ കത്ത്.
2. 18.02.2020 തീയതിയിലെ ഇയു2-335/2019/തസ്വഭവ- നമ്പർ കുറ്റാരോപണമെമ്മോ/പത്രിക
3. നഗരകാര്യ ഡയറക്ടറുടെ 09.06.2021 തീയതിയിലെ വി2-4754/2020 നമ്പർ റിപ്പോർട്ട്.

**ഉത്തരവ്**

താനൂർ നഗരസഭയിൽ 03/11/2018 ൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ മിന്നൽ പരിശോധനയിൽ ബിൽഡിംഗ് പെർമിറ്റ് ആപ്ലിക്കേഷൻ രജിസ്റ്റർ കൃത്യമായ രേഖപ്പെടുത്തലോട് കൂടി സൂക്ഷിച്ചിരുന്നില്ലായെന്നും, നഗരസഭയിൽ ലഭിച്ച ബിൽഡിംഗ് പെർമിറ്റ്, ഒക്കുപൻസി എന്നിവയുള്ള അപേക്ഷകളിൽ നടപടി സ്വീകരിച്ചിരുന്നില്ലെന്നും കണ്ടെത്തിയതിനെ തുടർന്ന് വിജിലൻസ് ഡയറക്ടർ പരാമർശം 1 പ്രകാരം ശുപാർശ ചെയ്തതനുസരിച്ച് പ്രസ്തുത ക്രമക്കേടുകൾക്ക് നഗരസഭാ സെക്രട്ടറിയുടെ ചാർജ്ജ് വഹിച്ചിരുന്ന ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ.പ്രമോദ്, സീനിയർ ക്ലാർക്ക് ശ്രീ.രാജൻ എം. എന്നിവർക്കെതിരെ അച്ചടക്ക നടപടി സ്വീകരിച്ചതിന്റെ ഭാഗമായി പരാമർശം 2 പ്രകാരം കുറ്റാരോപണ മെമ്മോ/പത്രിക നൽകിയിരുന്നു. പ്രസ്തുത മെമ്മോയ്ക്ക് ടിയാളുകൾ ലഭ്യമാക്കിയിട്ടുള്ള മറുപടിയിൽ പരാമർശം 3 പ്രകാരം നഗരകാര്യഡയറക്ടർ റിപ്പോർട്ട് സമർപ്പിച്ചിരുന്നു.

2. കുറ്റാരോപണ മെമ്മോയ്ക്ക് ശ്രീ.പ്രമോദ് കെ സമർപ്പിച്ച മറുപടിയിൽ, താനൂർ നഗരസഭാ സെക്രട്ടറിയായിരുന്ന ശ്രീ.ജൂഹി മറിയ ടോം ദീർഘകാല അവധിയിൽ പ്രവേശിച്ചതിനെ തുടർന്ന് നഗരകാര്യ ഡയറക്ടറുടെ 01/03/2018 ലെ ഇ2/759/18 നമ്പർ ഉത്തരവ് പ്രകാരം ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-1 ശ്രീ.പ്രമോദ് കെ.യ്ക്ക് നഗരസഭാ സെക്രട്ടറിയുടെ ചുമതല നൽകിയിരുന്നത്. താനൂർ പഞ്ചായത്ത് താനൂർ നഗരസഭയായി ഉയർത്തപ്പെട്ടത് 2015 നാണ്. ക്ലാർക്കുമാരുടെ സേവനം മാത്രമാണ് ടി കാലയളവിൽ ലഭിച്ചിരുന്നതെന്നും ജീവനക്കാർക്ക് ആവശ്യമായ പരിശീലനം ലഭിക്കാതിരുന്നത് മൂലമാണ് ഔദ്യോഗിക കൃത്യനിർവ്വഹണത്തിന് ബുദ്ധിമുട്ടുകൾ ഉണ്ടായിട്ടുള്ളതെന്നും, ആവശ്യമായ ഉദ്യോഗസ്ഥരുടെ അഭാവവും അധിക ജോലിഭാരവും കൂടാതെ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിൽ നിന്നുകൊണ്ട് സാങ്കേതിക പരിജ്ഞാനം ആവശ്യമായ എൻജിനീയറിംഗ് വിഭാഗത്തിന്റെ ഫയലുകൾ കൈകാര്യം ചെയ്യുന്നതിനുള്ള പരിചയക്കുറവും അനുഭവക്കുറവും ടിയാൻ അഭിമുഖീകരിച്ചിരുന്നുവെന്നും മറുപടിയിൽ സൂചിപ്പിച്ചിരുന്നു.

3. നഗരകാര്യഡയറക്ടറുടെ ഇക്കാര്യത്തിലുള്ള റിപ്പോർട്ട് പ്രകാരം, കേരള മുനിസിപ്പാലിറ്റി ആക്ട് 50 (2) പ്രകാരം നിയമാനുസരണം അധികാരങ്ങളും ചുമതലകളും വിവിധ വകുപ്പ് തലവൻമാർക്ക് താൻ ഏൽപ്പിച്ച് ഉത്തരവ് നൽകിയിട്ടുള്ളതാണെന്നും, അന്നത്തെ ജൂനിയർ സൂപ്രണ്ട് ആയിരുന്ന ശ്രീ.ഹരീഷ് ഒ.എസ്. എന്നിവർക്ക് നൽകിയ ഡെലിഗേഷനിൽ ബി (6) പ്രകാരം എഞ്ചിനീയറിംഗ് വിഭാഗം, ടൗൺ പ്ലാനിംഗ് വിഭാഗം ക്ലാർക്കുമാർ കൈകാര്യം ചെയ്യുന്ന പേഴ്സണൽ രജിസ്റ്റർ, പിരിയോഡിക്കൽ രജിസ്റ്റർ എന്നിവ മാസത്തിലൊരിക്കൽ പരിശോധിക്കുന്നതിനും,

ആയത് പരിശോധിച്ച് സെക്രട്ടറിക്ക് സമർപ്പിക്കുന്നതിനും നിർദ്ദേശിച്ചിരുന്നതായും, കൂടാതെ മുനിസിപ്പൽ എഞ്ചിനീയർക്ക് സമയബന്ധിതമായി കെട്ടിടനിർമ്മാണ അപേക്ഷകളിന്മേൽ നടപടി സ്വീകരിക്കുന്നതിന് വാക്കാൽ നിർദ്ദേശം നൽകിയിരുന്നതായും ശ്രീ.കെ.പ്രമോദ് 02/03/2021 ൽ റീജിയണൽ ജോയിന്റ് ഡയറക്ടറേറ്റിൽ ഹാജരായി നൽകിയ മൊഴിയിൽ സൂചിപ്പിച്ചിരിക്കുന്നതായി അറിയിക്കുകയുണ്ടായി.

4. ശ്രീ.പ്രമോദ് കെ. തന്റെ ചുമതലകൾ വകുപ്പ് തലവൻമാർക്ക് വീതിച്ച് നൽകിയെന്ന് പറഞ്ഞിരുന്നെങ്കിലും ചുമതലകൾ വീതിച്ച് നൽകിയതിന്റെ ഉത്തരവിന്റെ പകർപ്പ് ഹാജരാക്കിയിട്ടില്ലെന്നും, തുടർന്ന് വിജിലൻസ് പരിശോധനയ്ക്ക് ശേഷം ബിൽഡിംഗ് ആപ്ലിക്കേഷൻ രജിസ്റ്ററുകൾ കൃത്യമായി എഴുതി സൂക്ഷിക്കുന്നുണ്ടെന്നും, ഫയൽ NOC, പൊല്യൂഷൻ കൺട്രോൾ ബോർഡ് NOC, റയിൽവേ NOC, CRZ NOC എന്നിവ ലഭിക്കാത്ത ഫയലുകൾ മാത്രമാണ് പെർമിറ്റ് നൽകാൻ ബാക്കിയുണ്ടായിരുന്നതെന്ന ടിയാന്റെ മറുപടി പരിഗണിക്കാവുന്നതാണെന്നും കോഴിക്കോട് റീജിയണൽ ജോയിന്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ളതായും, താനൂർ നഗരസഭാ സെക്രട്ടറി ലഭ്യമാക്കിയ കത്തിൽ രാജൻ എം (സീനിയർ ക്ലാർക്ക്) 16/09/2019 ന് സർവ്വീസിലിരിക്കെ മരണപ്പെട്ടിട്ടുള്ളതാണെന്നും അറിയിച്ചിരുന്നു. വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ താനൂർ നഗരസഭയിൽ നടത്തിയ മിന്നൽ പരിശോധനയിൽ കണ്ടെത്തിയ അപാകതകളെ തുടർന്ന് താനൂർ നഗരസഭാ സെക്രട്ടറിയുടെ അധിക ചുമതല വഹിച്ചിരുന്ന ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ.പ്രമോദ് കെ.യ്ക്ക് സമയബന്ധിതമായി നടപടി സ്വീകരിക്കുന്നതിന് കഴിഞ്ഞില്ലായെന്നത് ടിയാന്റെ വീഴ്ചയായി ടിയാൻ അംഗീകരിച്ച സാഹചര്യത്തിലും ടിയാൻ 01/03/2018 മുതൽ 03/12/2018 വരെ 9 മാസക്കാലം മാത്രമേ സെക്രട്ടറിയുടെ ചാർജ്ജ് വഹിച്ചിരുന്നതെന്ന കാര്യം പരിഗണിച്ചും ടിയാനെതിരെയുള്ള അച്ചടക്കനടപടിയിന്മേൽ തുടർനടപടികൾ ഒഴിവാക്കാവുന്നതാണെന്ന് നഗരകാര്യഡയറക്ടർ ശുപാർശ ചെയ്തിരുന്നു.

5. സർക്കാർ ഇക്കാര്യം കുറ്റാരോപണമെമ്മോ, പ്രതിവാദപത്രിക, നഗരകാര്യഡയറക്ടറുടെ റിപ്പോർട്ട് എന്നിവ പ്രകാരം പരിശോധിച്ചതിൽ വിജിലൻസ് പരിശോധനയിൽ കണ്ടെത്തിയ അപാകതകളിൽ താനൂർ നഗരസഭാ സെക്രട്ടറിയുടെ അധിക ചുമതല വഹിച്ചിരുന്ന ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ.പ്രമോദ് കെ.യ്ക്ക് സമയബന്ധിതമായി നടപടി സ്വീകരിക്കുന്നതിന് കഴിഞ്ഞില്ലായെന്ന ആരോപണത്തിൽ ടിയാന്റെ മറുപടി വസ്തുതാപരമാണെന്ന് കാണുന്നു, കൂടാതെ ടിയാൻ 01/03/2018 മുതൽ 03/12/2018 വരെ 9 മാസക്കാലം മാത്രമേ സെക്രട്ടറിയുടെ ചാർജ്ജ് വഹിച്ചിരുന്നതെന്ന കാര്യം പരിഗണിക്കാവുന്നതാണ്.

6. മേൽ സാഹചര്യത്തിൽ താനൂർ നഗരസഭയിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ മിന്നൽ പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകൾക്ക് നഗരസഭാ സെക്രട്ടറിയുടെ ചാർജ്ജ് വഹിച്ചിരുന്ന ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ.പ്രമോദ്.കെ , 16/09/2019 ന് സർവ്വീസിലിരിക്കെ മരണപ്പെട്ടിട്ടുള്ള സീനിയർ ക്ലാർക്ക് ശ്രീ.രാജൻ എം. എന്നിവർക്കെതിരെ ആരംഭിച്ച അച്ചടക്ക നടപടിയിൽ തുടർനടപടികൾ ഒഴിവാക്കി അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രമണി മാത്യൂ
അഡിഷണൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ,കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ശ്രീ.പ്രമോദ്.കെ , ഹെൽത്ത് ഇൻസ്പെക്ടർ, താനൂർ നഗരസഭ (നഗരകാര്യ ഡയറക്ടർ മുഖേന)
രാജൻ എം., സീനിയർ ക്ലാർക്ക്, താനൂർ നഗരസഭ (നഗരകാര്യ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ